**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം.*289** | **20-06-2018 ൽ മറുപടിയ്ക്ക്**

## അഗ്നിശമനസേനയുടെ ആധുനികവത്ക്കരണത്തിന് നടപടി

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.എം.ഷംസുദ്ദീൻ** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) അഗ്നിശമനസേനയിൽ ആധുനികവത്ക്കരണത്തിന്റെ കുറവ് മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) എങ്കിൽ അഗ്നിശമനസേനയുടെ നവീകരണത്തിനും ആധുനികവൽക്കരണത്തിനും വേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ? | ബി) ഫയർ & റെസ്ക്യൂ സർവ്വീസസിന്റെ നവീകരണത്തിനായി നടപ്പിലാക്കിയ പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>**1)** കോഴിക്കോട് ജില്ലയിൽ കൊയിലാണ്ടി അഗ്നിരക്ഷാ നിലയം, ആലപ്പുഴ ജില്ലയിൽ അരൂർ നിലയം, പാലക്കാട് ജില്ലയിൽ നാട്ടിക ഫയർസ്റ്റേഷൻ, കണ്ണൂർ ആസ്ഥാനമാക്കി പുതിയ ഡിവിഷണൽ ആഫീസ് എന്നിവ ആരംഭിച്ചു. ആയവയുടെ പ്രവർത്തനങ്ങൾക്കും ഫയർ & റെസ്ക്യൂ സർവ്വീസസ് അക്കാദമി നവീകരണ ത്തിനും ഉൾപ്പെടെ വിവിധ തലത്തിലുള്ള 85 പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിലെ കടയ്ക്കൽ, എറണാകുളം ജില്ലയിലെ നോർത്ത് പറവൂർ എന്നീ ഫയർ & റെസ്ക്യൂ സ്റ്റേഷനുകൾക്ക് സ്വന്തമായി കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.<br>**2)** ദുരന്തങ്ങളും അപകടങ്ങളും ഉണ്ടാകുമ്പോൾ ദുരന്തനിവാരണ രംഗത്ത് പൊതുജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി സിവിൽ ഡിഫൻസ് ഫോഴ്സ് രൂപീകരിക്കാൻ നടപടി സ്വീകരിച്ചുവരുന്നു. ഇതേ ഉദ്ദേശ്യത്തിനായി 'കമ്മ്യൂണിറ്റി റെസ്ക്യൂ വാളന്റിയർ സർവ്വീസ്', 'ആപതാമിത്ര' |

എന്നീ പദ്ധതികൾ ആരംഭിക്കുകയും തെരഞ്ഞെടുക്കപ്പെടുന്നവർക്ക് പരിശീലനം നൽകുകയും ചെയ്തുവരുന്നുണ്ട്.

3) 2016-17 സാമ്പത്തിക വർഷത്തിൽ ഫയർ & റെസ്ക്യൂ സർവ്വീസസ് വകുപ്പിന്റെ നവീകരണത്തിനായി അനുവദിച്ച 40 കോടി രൂപ ഉപയോഗിച്ച് അത്യാധുനിക സൗകര്യങ്ങളോടു കൂടിയ വാഹനങ്ങളും ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്.

2017-18 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതമായി അനുവദിച്ച 45 കോടി രൂപ ഉപയോഗിച്ച് വിവിധ അഗ്നിപ്രതിരോധ വാഹനങ്ങളും ഉപകരണങ്ങളും അഗ്നിശമന സേനാംഗങ്ങൾക്ക് 2006 ന ശേഷം ലഭ്യമാകാതിരുന്നതും നോൺ-പ്ലാൻ ശീർഷകത്തിൽ അനുവദിക്കപ്പെട്ടതുമായ യൂണിഫോം ആർട്ടിക്കിൾസും വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിക്കുകയും ആയവ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയാക്കി വരികയുമാണ്.

4) 2018-19 സാമ്പത്തിക വർഷത്തിൽ വകുപ്പിന്റെ സമഗ്രമായ നവീകരണത്തിനും, ടേൺ ടേബിൾ ലാഡർ / ഏരിയർ ലാഡർ പ്ലാറ്റ്ഫോം ഉൾപ്പെടെയുള്ള അത്യാധുനിക അഗ്നിശമനരക്ഷാ ഉപകരണങ്ങൾ വാങ്ങുന്നതിനുമായി 70 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

5) കേരള ഫയർ & റെസ്ക്യൂ സർവ്വീസസിൽ ഫയർ വുമൺ തസ്തിക സൃഷ്ടിച്ച് നിയമനം നടത്തി വകുപ്പിൽ വനിതാപ്രാതിനിധ്യം ഉറപ്പാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

6) EASE OF DOING BUSINESS നടപ്പിലാക്കുന്നതിന്റെ ഭാഗമായി ബഹുനില കെട്ടിടങ്ങൾക്ക് ഫയർ എൻ.ഒ.സി. അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സുതാര്യമാക്കുന്നതിന് KSIDC യുമായി ചേർന്ന് ഓൺലൈൻ വെബ് പോർട്ടൽ സംവിധാനം, ഇ-ഗവേണൻസ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി 80 ലക്ഷം രൂപ അനുവദിച്ച് ആഫീസ് നടപടിക്രമങ്ങൾ വേഗത്തി

ലാക്കുന്നതിനായുള്ള **'ഐ-ആപ്സ്'** സംവിധാനം, 25 ലക്ഷം രൂപ ചെലവഴിച്ചു കൊണ്ടുള്ള വീഡിയോ കോൺഫറൻസ് സംവിധാനം എന്നിവ നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചു കൊണ്ടിരിക്കുകയുമാണ്.

**7)** 1962-ലെ ഫയർഫോഴ്സ് ആക്ട് കാലോചിതമായി പരിഷ്കരിച്ച് പുതിയ നിയമനിർമ്മാണം നടത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**8)** ജീവനക്കാരുടെ യൂണിഫോം അലവൻസ്, റിസ്ക് അലവൻസ്, ലഗേജ് അലവൻസ്, സ്പെഷ്യൽ അലവൻസ് എന്നിവ വർദ്ധിപ്പിക്കുകയും ഗ്രേഡ് പ്രൊമോഷൻ അനുവദിക്കുകയും ചെയ്തു.

സെക്ഷൻ ഓഫീസർ